പ്രവാസിക്ഷേമത്തിന് കേന്ദ്ര സഹായം

57 (7354) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ക്ഷേമപ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കേന്ദ്രത്തിന് നൽകിയ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) കേരള പ്രവാസി ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ക്ഷേമപ്രവർത്തനങ്ങൾക്ക് കേന്ദ്ര സഹായമഭ്യർത്ഥിച്ച് നിവേദനം നൽകിയിട്ടില്ല.

(ബി) ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതം രണ്ട് ശതമാനത്തിൽനിന്ന് അഞ്ച് ശതമാനമാക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

പ്രവാസിക്ഷേമത്തിന് ധനസഹായം

58 (7355) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം തിരിച്ചെത്തിയ പ്രവാസികളുടെ ചികിത്സയ്ക്കായി എത്ര രൂപ പ്രവാസി ക്ഷേമ വകുപ്പ് മുഖേന നൽകുകയുണ്ടായിയെന്ന് വ്യക്തമാക്കുമോ ;

(ബി) മരണമടഞ്ഞ പ്രവാസികളുടെ എത്ര കുടുംബങ്ങൾക്ക് എത്ര രൂപ വീതം സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നോർക്ക ചെയർമാൻസ് ഫണ്ട് എത്ര ലക്ഷം രൂപയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരിച്ചെത്തിയ പ്രവാസികളുടെ ചികിത്സയ്ക്കായി നോർക്ക വകുപ്പിന്റെ സാന്ത്വന പദ്ധതിവഴി 1605 പേർക്ക് 4,27,40,500 രൂപയും കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിലെ 94 അംഗങ്ങൾക്ക് ക്ഷേനിധിയിൽനിന്ന് 12,59,494 രൂപയും ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly